[Mr. K. R. Elankath]

(*d*) Yes.

(*e*) A list * of such works is placed on the table. These works were sanctioned in the interest of the public.

ചൂനക്കര മഹമ്മദൻ എം. പി. സ്കൂൾ.

*198. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

മാവേലിക്കര ചൂനക്കര മഹമ്മദൻ എം. പി. സ്കൂൾ നിറുത്തൽ ചെയ്തിട്ടുണ്ടോ?

ഉണ്ടെങ്കിൽ പകരം സ്കൂൾ വേണമെന്നുള്ളതു് ഗവണ്മെൻറു പരിഗണിച്ചിട്ടുണ്ടോ? അതിനുവേണ്ടി എന്തു നടപടി നടത്തിയിട്ടുണ്ടു്?

HON'BLE MR. N. KUNJURAMAN : മാവേലിക്കര ചൂനക്കര എം. പി. സ്കൂൾ നിറുത്തലാക്കിയിട്ടുണ്ടു്. അതിനുപകരം സ്കൂൾ വേണമെന്നും ഗവണ്മെൻറു വിചാരിക്കുന്നു. അതിൻറെ ഫലമായി സ്ഥലം ഗവണ്മെൻറു പ്രൈമറിസ്ക്കൂളിൽ ക്ലൂതൽ കെട്ടിടം കെട്ടി സ്ഥലസൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി വേണ്ട നടപടികളും നടത്തിക്കൊണ്ടിരിക്കുന്നു.

സർ സി. പി. പ്രതിമകളം.

*199. MR. K. SARANGADHARAN (*Ambalapuzha II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

(എ) സർ സി. പി. രാമസ്വാമി അയ്യരുടെ പ്രതിമകൾ ഗവണ്മെൻറു മന്ദിരങ്ങളിലോ, പൊതുസ്ഥലങ്ങളിലോ വച്ചുകൊണ്ടിരിക്കുന്നതിനു് എതിരായി ശക്തിയായ പൊതുജനാഭിപ്രായമുണ്ടെന്നുള്ളതു് കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) മേൽപ്പറഞ്ഞ പ്രതിമകൾ എടുത്തുമാറുന്നതിനു് ഗവണ്മെൻറിനു് എന്തെങ്കിലും പ്രതിബന്ധമോ വിരോധമോ ഉണ്ടോ?

HON'BLE MR. T. K. NARAYANA PILLAI :

(*a*) Government are aware that there is a section of the public who are against the retention of the statue.

(*b*) Two such statues have already been removed.

MR. ABDUL RAZAAK : What made the Government panicky so as to issue a Press Note on the matter ?

HON'BLE MR. T. K. NARAYANA PILLAI : Government have not been panicky and Government have not issued a Press Note.

* *Vide* Statement Appendix II.

LIBRARY ARCHIVES Kerala Legislative Assembly

MR. CHERIAN J. KAPPAN : ബാക്കിയുള്ള പ്രതിമകൂടെ ഉടനെതന്നെ നീക്കം ചെയ്യുന്നതിന് ഗവണ്മെൻറ് ഉദ്യമിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : വേറെ നീക്കം ചെയ്യത്തക്ക വണ്ണമുള്ള പ്രതിമ ഉണ്ടോ എന്നുള്ളതു് ഗവണ്മെൻറിന് അറിവില്ല.

MR. K. P. NILAKANTA PILLAI : May I know whether that particular statue is now owned by anybody?

HON'BLE MR. T. K. NARAYANA PILLAI : Not to the knowledge of Government.

അമ്പലപ്പുഴ ഒന്നാം ക്ലാസ് മജിസ്ട്രേട്ടുകോടതി.

*200. MR. K. SARANGADHARAN (*Ambalapuzha I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട നീതിന്യായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) അമ്പലപ്പുഴ ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതി ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നു് അമ്പലപ്പുഴ സിവിൽകോടതി വളപ്പിലേക്കു മാറുന്നതു പൊതുജനങ്ങൾക്കും പ്രത്യേകിച്ചു വക്കീലന്മാർക്കും സൗകര്യപ്രദമാണെന്നുള്ള കാര്യം ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

(ബി) ഇക്കാര്യത്തെപ്പറ്റി ഗവണ്മെൻറിനു ഏതെങ്കിലും നിവേദനം കിട്ടീട്ടുണ്ടോ?

(സി) അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി?

HON'BLE MR. A. J. JOHN :

(എ) ഉണ്ടു്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു.

MR. EAPAN ARAKKAL : ഈ കോടതി മാറുന്നതിലേക്ക് ഹൈക്കോടതിയുടെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : ഉണ്ടു്. എങ്കിലും സിവിൽകോടതിയിലേക്കു് മജിസ്ട്രേട്ടുകോടതി മാറുന്ന കാര്യത്തിൽ ഹൈക്കോടതിക്കു അഭിപ്രായമില്ല. കാരണം സ്ഥലത്തിന്റെ അസൗകര്യം കൊണ്ടാണു്. അവർ പറയുന്നതു് അവിടെ അതിനുള്ള സൗകര്യം വേണ്ടിടത്തോളം ഇല്ലെന്നാണു്.

MR. K. RAMAKRISHNA PILLAI : അടുത്തവർഷത്തിലെങ്കിലും ഈ മജിസ്ട്രേട്ടുകോടതി ജില്ലാക്കോടതി വളപ്പിലേക്കു് മാറുന്നതിനു് ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. A. J. JOHN : അതിന്റെ കാരണം ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly